**വിവരാവകാശം / മറുപടി**

നമ്പർ: D5-11798/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 20-12-2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. റ്റി.എം.രാധാകൃഷ്ണൻ
പടിഞ്ഞാറേ തട്ടാൻ പറമ്പിൽ
പുത്തോട്ട പി.ഒ
എറണാകുളം.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമപ്രകാരം മറുപടി - സംബന്ധിച്ച് -

സൂചന: സാമൂഹ്യനീതി (സി) വകുപ്പ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ 13.12.18 തീയതിയിലെ സി3-377/2018/സാ.നീ. വ നമ്പർ കത്ത്.

സൂചന പ്രകാരം താങ്കളുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയുടെ പകർപ്പ് ലഭ്യമായിട്ടുണ്ട്. താങ്കൾ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. താങ്കൾ വിജിലൻസ് മുമ്പാകെ നൽകിയ അപേക്ഷയുടെ പകർപ്പ് തുടർ നടപടികൾക്കായി സാമൂഹ്യനീതി (സി) വകുപ്പിൽ നിന്ന് ലഭ്യമാകുകയും ഇതിൻമേലുള്ള റിപ്പോർട്ട് D5-11798/18, തീയതി: 27.9.18 പ്രകാരം സർക്കാരിലേയ്ക്ക് അയയ്ക്കുകയും അപേക്ഷയിൻമേലുള്ള നടപടി, താങ്കൾ ഈ കാര്യാലയത്തിലേയ്ക്ക് അയച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയുടെ മറുപടിയായി നമ്പർ: D5-11798/18, തീയതി 27.9.18 പ്രകാരം താങ്കൾക്കും ലഭ്യമാക്കിയിട്ടുള്ളതാണ്.
2. താങ്കൾ വീണ്ടും വിവരാവകാശ നിയമപ്രകാരം ഈ കാര്യാലയത്തിലേയ്ക്ക് അപേക്ഷ നൽകിയതിനെത്തുടർന്ന് താങ്കളുടെ ആവശ്യപ്രകാരം റിപ്പോർട്ടിന്റെയും ഈ വിഷയം കൈകാര്യം ചെയ്തുവരുന്ന D5/11798/18 എന്ന നമ്പരിലുള്ള ഫയലിന്റെ തന്നെ കോപ്പിയും നമ്പർ-D5-11798/18 തീയതി 21.11.18 പ്രകാരം താങ്കൾക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ ശ്രീമതി.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, 5th Floor, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

*db@18*

***Email: swdkerala@gmail.com , website: www.sjdkerala.gov.in***